**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തന ങ്ങൾ 2024 ഡിസംബർ 3 ന് ആരംഭിച്ചു. പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ വിലയിരുത്തി കരാറിൽ നിഷ്കർഷിച്ചിട്ടുള്ള ടെസ്റ്റുകൾ നടത്തി തുറമുഖം പ്രവർത്തനത്തിന് സജ്ജമാണെന്ന് സാക്ഷ്യപ്പെടുത്തി പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വാണിജ്യാടിസ്ഥാന ത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തങ്ങൾ പൂർണമായി പൂർത്തീകരിക്കാ ത്തതിനാലാണ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയത്. പൂർത്തീകരിക്കാൻ ബാക്കിയുള്ള ഏതാനും പ്രവർത്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലിസ്റ്റ് ("Punch List") തയ്യാറാക്കിയിട്ടുണ്ട്. "Punch List" ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾ മാർച്ച് 2025 ന് മുമ്പ് പൂർത്തീകരിക്കുമെന്നാണ് വ്യവസ്ഥ. ടി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ 'Completion സർട്ടിഫിക്കറ്റ്' നൽകുവാൻ സാധിക്കും. |
| (ബി) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആർബിട്രേഷൻ നടപടികൾ പൂർത്തിയായിട്ടുള്ള പശ്ചാത്തലത്തിൽ കൺസെഷണറുമായി സപ്ലിമെന്ററി കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വർഷം | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണത്തിലെ കാലതാമസവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) നിലനിന്നിരുന്ന ആർബിട്രേഷൻ നടപടികളിൽ നിന്നും ഇരു കക്ഷികളും പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ പിന്മാറുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 23- |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാമെന്നാണ് ധാരണയായിട്ടുള്ളത്; വ്യക്തമാക്കുമോ; | | 02-2024 ന് ഇരു കക്ഷികളും ഒരു "Settlement Agreement" ൽ ഏർപ്പെടുകയും തുടർന്ന് പരസ്പര ധാരണയായ കാര്യങ്ങളിലെ നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സപ്ലിമെന്ററി കൺസെഷൻ കരാർ 28-11-2024 ന് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം, ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടിയിരുന്ന കാലയളവ് 5 വർഷങ്ങൾ കൂടി നീട്ടി നൽകിയിട്ടുണ്ട്, അതായത് 2024 ഡിസംബർ 3 വരെ. കൂടാതെ, തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തങ്ങൾ ഡിസംബർ 31, 2028 ന് മുമ്പ് പൂർത്തീകരിക്കണമെന്നും ധാരണയായിട്ടുണ്ട്. |
| (സി) | പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; റെയിൽപാത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടത് 2022 മെയ് മാസത്തിലായിരുന്നു. ഇതിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. AVPPL മായുള്ള പുതിയ സെറ്റിൽമെന്റ് കരാർ പ്രകാരം റെയിൽ പാത സ്ഥാപിക്കേണ്ട അവസാന തീയതി ഇപ്പോൾ ഡിസംബർ 2028 ആക്കി ദീർഘിപ്പിച്ചിട്ടുണ്ട്.<br><br>കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്.<br><br>റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് പുരോഗമിച്ചു വരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ |

| | | | |
|---|---|---|---|
| | | | പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment,സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ് വേ കണ്ടെയ്നർ ട്രാഫിക്കിന്റെ സാദ്ധ്യത കണക്കിലെടുത്ത് ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (CRT) തിരുവനന്തപുരത്ത് വിഴിഞ്ഞത്തോടടുത്ത് നിലവിലെ ഏതെങ്കിലും റെയിൽവേ സ്റ്റേഷനോട് ചേർന്ന് ഉടൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച ചർച്ചകൾ ദക്ഷിണ റെയിൽവെയുമായി ഇപ്പോൾ നടന്നു വരുന്നു. റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതുവരെ CRT മുഖാന്തിരം റെയിൽ ചരക്കുനീക്കം ഇതുവഴി സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ